# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഒന്നാം ക്ലാസ്സ്
# മലയാളം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി, ഓരോ കുട്ടിയ്ക്കും എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്രരചനകൾ തുടങ്ങി മേഖലകൾ സ്വായത്തമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ഈയൊരു അധ്യായന വർഷത്തിൽ സമഗ്രാസൂത്രണത്തിലൂടെ തയ്യാറാക്കുന്നത്.

ലക്ഷ്യങ്ങൾ -

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും, വായിക്കാനും, സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- ഓരോ കുട്ടികളും സ്വന്തം ആശയങ്ങൾ ലഘു വാക്യങ്ങളിൽ പറയാനും എഴുതാനും പ്രാപ്തരാക്കുക.
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുക, വായിക്കുക.
- എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കാനുള്ള ലഘു രചന ശില്പശാല സംഘടിപ്പിക്കുക.
- സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു.

മേഖല: അക്കാദമിക്

ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ ലഘു വാക്യങ്ങളിൽ പറയാനും എഴുതാനും പ്രാപ്തരാക്കുക. | • ചിത്രകാർഡുകൾ, വായനാ കാർഡുകൾ, നിർമ്മാണ ശില്പശാല.<br>• താളാത്മകമായി കവിത ചൊല്ലൽ. | ജൂൺ | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. | • വായനമൂല ഒരുക്കൽ, ക്ലാസ്സ് ലൈബ്രറി.<br>• ചെറിയ കഥകൾ കേൾക്കാൻ അവസരം<br>• അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു. | ജൂലൈ | ടീച്ചർ<br>SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ചിത്രവായനയ്ക്ക് അവസരം നൽകുന്നു.<br>• വാചികമായി ആശയം പങ്കുവയ്ക്കാൻ അവസരം ഒരുക്കുന്നു. | ജൂലൈ<br>ആഗസ്റ്റ് | ടീച്ചർ<br>SRG | PTA |
| ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുന്നു. | • സംയുക്ത ഡയറി എഴുത്ത് തുടങ്ങുന്നു. റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് നടത്തുന്നു.<br>• ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ | ടീച്ചർ<br>SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. | • ആസ്വാദ്യകരമായ വായന നടത്തുന്നു. കുട്ടി കവിതകൾ കേട്ട് ആസ്വാദിച്ച് അവതരിപ്പിക്കുന്നു. | ഒക്ടോബർ | ടീച്ചർ<br>SRG | PTA |
| | • കൂട്ട വായന, വീട്ടുവായന, ചിത്ര വായന എന്നിവ പ്രോത്സാഹിപ്പിക്കുന്നു. | നവംബർ | ടീച്ചർ<br>SRG | PTA |
| | • സചിത്രഢയറി വാക്യങ്ങൾ കുട്ടികൾ സ്വയം എഴുതുന്നു.<br>• വായന ബാലസാഹിത്യ കൃതികളിലേക്ക് കടക്കുന്നു.<br>• കുട്ടികളുടേതായ വായന കാർഡ് നിർമ്മാണം (ചിത്രം ഉൾപ്പെടുത്തി).<br>• വിവിധ ബാലസാഹിത്യ കൃതികൾ പരിചയപ്പെടുത്തുന്നു. | ഡിസംബർ | ടീച്ചർ<br>SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ചെറുകഥകൾ പങ്കിട്ട് സ്വതന്ത്ര വായനക്കാരാക്കുന്നു.<br>• ദൈനംദിന അനുഭവങ്ങൾ വാർത്തരൂപത്തിൽ തലക്കെട്ട് എഴുതുന്നു. | ജനുവരി | ടീച്ചർ<br>SRG | PTA |
| കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുക. | • രചനോത്സവം നടത്തുന്നു.<br>• ക്ലാസ്സ് പത്രം രൂപപ്പെടുത്തുന്നു.<br>• ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ എഴുതുന്നു.<br>• കുഞ്ഞു രചനകൾ മാഗസിനാക്കുന്നു. | ഫെബ്രുവരി | ടീച്ചർ<br>SRG | PTA |
| | • കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.<br>• കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.<br>• ജനപങ്കാളിത്തത്തിൽ ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ നടത്തുന്നു. | മാർച്ച് | ടീച്ചർ<br>SRG | PTA |

Academic master plan: Class I

English

| AIM | ACTIVITIES | PERIOD | DUTY | FINANCIAL |
|---|---|---|---|---|
| • Respond to simple instructions in the classroom. | • Showing cartoons, small films, little Rhymes, short stories. | June | Teacher<br>SRG | PTA |
| • Describe orally about the picture and objects. | • Identify familiar words.<br>• Say familiar words.<br>• Provide picture cards. | July – August | Teacher<br>SRG | PTA |
| • Enjoy songs and sings them with rhythm and actions. | • Repeating small rhymes with teacher (ICT) | September | Teacher<br>SRG | PTA |

| AIM | ACTIVITIES | PERIOD | DUTY | FINANCIAL |
|---|---|---|---|---|
| • To write small letters and words in English. | • Response to small instruction given by teacher.<br>• Make word chain.<br>• Sentence chain. | October - November | Teacher<br>SRG | PTA |
| • Participation in small roleplays and skit. | • Listen to riddles and find out the answer. | December - January | Teacher<br>SRG | PTA |
| • Femiliarise the names of birds, animals their young ones and identifies from their pictures. | • Provide picture cards and reading cards.<br>• Read and write simple sentences. | February | Teacher<br>SRG | PTA |

| AIM | ACTIVITIES | PERIOD | DUTY | FINANCIAL |
|---|---|---|---|---|
| • To graphic reading | • Writing alphabets<br>• Make picture album.<br>• Collect pictures of animals and its young ones.<br>• Provide opportunity to express myself in the classroom.<br>• Picture reading.<br>• Picture description. | March | Teacher<br><br>SRG | PTA |

# ACADAMIC MASTER PLAN – MATHS

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം


ക്ലാസ്സ് - 1

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | • ഗണിതമാഗസിൻ<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമാണം, ഏകദിന ക്യാമ്പ്.<br>• ഗണിത ക്യാമ്പ്, ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | ജൂൺ - മാർച്ച് | SRG<br>ക്ലാസ്സ് ടീച്ചർ | |
| • 1 - 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു. | • സംഖ്യകൾ തിരിച്ചറിയൽ, പ്രവർത്തനങ്ങൾ.<br>• സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>• സംഖ്യാകാർഡ് നിർമ്മിക്കൽ.<br>• ഗണിത പഠനത്തിന് ഗണിതകിറ്റ്.<br>• സംഖ്യാകാർഡ് - ചിത്രം | ജൂലൈ | SRG<br>ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | • ഗണിതകിറ്റ് പ്രവർത്തനം.<br>• കൂടുതൽ, കുറവ് തിരിച്ചറിയൽ.<br>• വലിയ സംഖ്യ - ചെറിയ സംഖ്യ.<br>• 1 - 20 വരെ സംഖ്യകൾ തിരിച്ചറിയൽ.<br>• സംഖ്യാഗാനം. | ഓഗസ്റ്റ് | SRG<br>ക്ലാസ്സ് ടീച്ചർ | |
| • Five frame ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു. | • ഒരക്ക സംഖ്യകളുടെ സങ്കലനം.<br>• ഒരക്ക സംഖ്യകളുടെ വ്യവകലനം.<br>• ഗണിതകിറ്റ്.<br>• 1 + 1 = 20. ഒന്നിനോട് ഒന്ന് കൂട്ടിയാൽ 2 കിട്ടും എന്ന തിരിച്ചറിവ്. | സെപ്റ്റംബർ | SRG<br>ക്ലാസ്സ് ടീച്ചർ | |
| • പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു. | • ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്. 1, 2, 3, 4, 5, 6, 7, 8, 9, 10 | ഒക്ടോബർ | SRG<br>ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.<br>• 1 - 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | • ഗണിതകിറ്റ് പ്രവർത്തങ്ങൾ<br>• കൂടുതൽ, കുറവ് തിരിച്ചറിയൽ.<br>• വലിയ സംഖ്യ - ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>• സംഖ്യാകാർഡ് .<br>• സംഖ്യാ ചിത്രം.<br>• 1 - 20 വരെ സംഖ്യകൾ തിരിച്ചറിയൽ. | ഒക്ടോബർ - നവംബർ | SRG<br>ക്ലാസ്സ് ടീച്ചർ | |
| • 1 - 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br>• 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു. | • ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്. 1, 2, 3, 4, 5, 6, 7, 8, 9, 10<br>• സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു. | നവംബർ | SRG<br>ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു. | • ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യമാക്കാൻ work sheet.<br>• ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>10 + 1 = 11<br>10 + 2 = 12<br>_ _ _ _ _ _<br>_ _ _ _ _ _ | നവംബർ | SRG<br>ക്ലാസ്സ് ടീച്ചർ | |
| • അവരോഹണ ആരോഹണ ക്രമത്തിലാക്കൽ | • സംഖ്യകൾ അവരോഹണ ആരോഹണ ക്രമത്തിലെഴുതൽ.<br>• ഗണിത ആൽബം.<br>• My number book തയ്യാറാക്കൽ.<br>• സംഖ്യകളെ സുന്ദരിയാക്കൽ work sheet പ്രവർത്തനങ്ങൾ.<br>1 2 3 | ഡിസംബർ | SRG<br>ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം.<br>• ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ<br>• ഒരക്ക സംഖ്യാ വ്യാഖ്യാനം | • ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ.<br>10 - 1 = 9<br>10 - 5 = 5<br>• സങ്കലനം, വ്യവകലനം (+, -) ചിഹ്നങ്ങൾ തിരിച്ചറിയൽ.<br>• സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു.<br>(1 - 10 വരെ സംഖ്യ)<br> | ജനുവരി | SRG<br>ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് | • ഗണിതം- ആൽബം (PTA യിൽ പ്രദർശനം)<br>• ഗണിതമഞ്ചാടി, സംഖ്യാസൂര്യൻ, ആൽബം തയ്യാറാക്കൽ പ്രദർശനം.<br>• സംഖ്യാഗാന ആൽബം തയ്യാറാക്കൽ പ്രദർശനം.<br>• വിലവിവര പട്ടിക<br>• പ്രശ്ന വിശകലന ക്രിയകളിൽ ഏർപ്പെടൽ. | ഫെബ്രുവരി | SRG<br>ക്ലാസ്സ് ടീച്ചർ | |
| • ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1 - 20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക. | • ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം work sheet കൾ നൽകൽ.<br>• ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ.<br>• ഗണിതകിറ്റ് പ്രവർത്തനങ്ങൾ.<br>• സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ. | മാർച്ച് | SRG<br>ക്ലാസ്സ് ടീച്ചർ | |

**മലയാളം** **Std II**

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | • ചിത്രകാർഡുകൾ നൽകൽ.<br>• ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ.<br>• വായനാ സാമഗ്രികൾ നിർമ്മിക്കൽ.<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. | | ജൂൺ | |
| • രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക. | • ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | | ജൂലൈ | |
| • എല്ലാ കുട്ടികളെയും ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | • ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.<br>• വീട്ടു ലൈബ്രറി ഒരുക്കൽ. | | ആഗസ്റ്റ് | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സമയം | സാമ്പത്തികം |
| --- | --- | --- | --- | --- |
| • വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.<br>• വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ. | | സെപ്റ്റംബർ | |
| • ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു. | • കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.<br>• വിവധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • ജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, പ്രത്യേകതകൾ ചർച്ച ചെയ്യപ്പെടുന്നു | • ജല പരീക്ഷണങ്ങൾ, പരീക്ഷണ കുറിപ്പ്, മഴക്കാല പതിപ്പ്, മഴ അനുഭവങ്ങൾ, മഴ ചിത്രങ്ങൾ. | | | |
| • ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • ജല സ്രോതസ്സുകൾ പോസ്റ്റർ നിർമ്മാണം.<br>• പേപ്പർ കുട നിർമ്മാണം. | | | |
| • ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.<br>• കുട്ടിക്കവിതകൾ വായിച്ച് ആസ്വാദിക്കുകയും, ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. | • മഴപ്പാട്ട്, വഞ്ചിപ്പാട്ട്, നാടൻപാട്ട് അവതരണം (പാട്ടരങ്ങ്). | | | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • പാഠപുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യ കൃതികളിലെയും സന്ദർഭങ്ങൾ റീഡേഴ്സ് തിയറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. | • സെന്റസ് സ്ട്രിപ്പ് ഉപയോഗിച്ച് റീഡേഴ്സ് തിയറ്റർ നടത്തുന്നു. | | | |
| • കുട്ടികൾ സ്വതന്ത്ര രചനക്കാരും, വായനക്കാരുമായി മാറുന്നു. | • സചിത്ര പുസ്തകം പ്രവർത്തനങ്ങൾ. | | | |
| • സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | • സംയുക്ത ഡയറി. | | | |

**Standard – 2 English**

| Learning outcomes | Activities | Duty | Period | Fund |
|---|---|---|---|---|
| • Respond to simple instruction in the classroom. | • Games language word. | Class teacher | June – July | |
| • Describe orally about the pictures and objects. | • Picture description (orally). | Class teacher | June – July | |
| • Familiarize single and simple words. | • Games, picture cards (select the picture cards from a cluster). | Class teacher | June – July | |
| • Enjoy songs and sings them with rhythm and actions. | • Rhyme (ICT, Audio). | Class teacher | July – August | |
| • Describe and read the pictures.<br>• Arrange word in alphabetical order.<br>• Familiarise the names of birds, animals their young ones and identifies them from pictures. | • Match the following (words and pictures).<br>• Arrange the names of birds in alphabetic order.<br>• Picture card. | Class teacher | August | |

| Learning outcomes | Activities | Duty | Period | Fund |
|---|---|---|---|---|
| • Add lines to a poem. | • Add more lines. | Class teacher | August – September | |
| • Makes simple riddles.<br>• Undertakes simple project work given. | • Riddles (Different riddle).<br>• Collection (Different birds). | Class teacher | July August | |
| • Makes simple riddles.<br>• Add more exchanges to the conversation. | • Simple riddles.<br>• Role play.<br>• Write simple exchanges of | SRG Convener | August | |

**Class II – Maths** ഗണിതം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • ഗണിത ചിന്താ ശേഷി വളർത്തൽ. | • ഗണിത പസിൽ.<br>• കുസൃതി കണക്ക്. | | ജൂൺ - മാർച്ച് | |
| • ജ്യാമിതീയ രൂപങ്ങൾ. | • ഒറിഗാമി രൂപങ്ങൾ നിർമ്മാണം.<br>• ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ. | | ജൂൺ - ജൂലൈ | |
| • 20 മുതൽ 50 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിന്. | • സംഖ്യാ റിബൺ എണ്ണിയെടുക്കാം.<br>• സംഖ്യാ കാർഡ്.<br>• സംഖ്യാ കേളി.<br>• മറഞ്ഞിരിക്കുന്നവ കണ്ടെത്താം. | | ആഗസ്റ്റ് | |
| • നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിന്.<br>• ഗണിത ചിന്താ ശേഷി വളർത്തൽ | • ഗണിതവുമായി ബന്ധപ്പെട്ട ഒരു ദിനം ഒരു ചോദ്യം ( കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ). | ക്ലാസ്സ് ടീച്ചർ<br>SRG | ജൂലൈ ആഴ്ചയിൽ ഒന്ന് വീതം | SSA |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • ഗണിത പഠനം രസകരമാക്കൽ.<br>• ചതുഷ്ക്രിയകൾ ലളിതമാക്കൽ | • വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ.<br>• പാമ്പും കോണിയും ഡയസ് കളി.<br>• കച്ചവട കളി. | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | |
| • ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നതിന്. | • എണ്ണാം എഴുതാം.<br>• സംഖ്യാ കാർഡ്.<br>• കൂട്ടങ്ങളാക്കാം.<br>• രൂപങ്ങളേതൊക്കെ. | ക്ലാസ്സ് ടീച്ചർ | ജൂൺ | |

# Class: 3

# Academic Master Plan

## Introduction

Language is meant for communication. Children should be able to understand the instructions and commands. Motivate them to live in the new world without hesitation is our main motto.

## Learning objectives

- Listens to instructions.
- Enjoys rhymes/ poems.
- Listen stories.
- Acts according to instructions.
- Rearranges events.
- Writes descriptions.
- Writes conversations.
- Answers puzzles.
- Identifies rhyming words in poem.
- Writes a recipe.
- Prepares posters.
- Solve riddles.
- Add more lines.
- Creates slogans on a specific theme.
- Follows instructions and colour pictures.

## Working calendar

| Sl No | Name of programme | Time of execution |
|---|---|---|
| 1. | Action as per instructions | 2 months |
| 2. | Writes descriptions. | 2 months |
| 3. | Write conversations | 2 months |
| 4. | Filing puzzles | 1 month |
| 5. | Solving riddles. | 2 months |
| 6. | Listens to poem & adding lines | 3 months |
| 7. | Write slogans. | 2 months |

| Aim | Activities | Time | Duty | Amount/ expense |
|---|---|---|---|---|
| • Listen to instructions. | • Gives all the instruction in the class in English only.<br>• Give chance to children to give instructions at the time of group activities, games etc. | June to march | Teacher | Nil |
| • Enjoys rhymes and poems. | • Teacher recites the poem loudly.<br>• The children listen to the rhyme/poem from YouTube.<br>• Listen different rhymes using CD/DVD | June - August | Teacher, Parents | Nil |
| • Listen stories. | • Teacher read simple stories in the class.<br>• Listen stories from YouTube.<br>• See simple stories in TV. | August – October | Teacher, Parents | 500/- |
| • Re-arranges events | • Re-arranges the events of the story they are familiar with.<br>• Give more and more such activities as a groupwise competition. | September-March | Teacher | Nil |

| Aim | Activities | Time | Duty | Amount/ expense |
|---|---|---|---|---|
| • Writes descriptions | • Write it based on the given picture.<br>• Writes about anything from their surroundings. | August - February | Teacher, Parents | Nil |
| • Writes conversations/ fill speech bubbles. | • Use he activity in the text book.<br>• Give simple context and let them make sentence to fill speech bubble. | June – March | Teacher | 500/- |
| • Answers puzzles. | • Puzzles are given to fill it. Make it as a competition.<br>• Make puzzles with the help of parents as they can. | August – February | Teacher, Parents | Nil |
| • Identifies rhyming words | • Poems/ rhymes are given to find out such groups.<br>• More are collected from multimedia. | September- January | Teacher, Parents | Nil |
| • Prepare posters | • Make posters by themselves in groups.<br>• Make more posters by themselves in given topic.<br>• See more posters by searching in google. | October- February | Teacher, Parents | 500/- |

# Class 3
# Academic master plan
# Maths

**ആമുഖം**

കുട്ടികൾക്ക് പൊതുസമൂഹത്തിൽ ജീവിക്കാനാവശ്യമായ കണക്കുകൂട്ടലുകളുടെ അടിസ്ഥാനം നേടി കൊടുക്കുന്നതിലൂടെ ജീവിത വിജയം സാധ്യമാക്കുന്നു.

**ലക്ഷ്യങ്ങൾ**

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- വിവിധ പാറ്റേണുകൾ പൂരിപ്പിക്കുന്നു.
- മൂന്നക്ക സംഖ്യകൾ വായിക്കുന്നു.
- നാണയങ്ങളും, കറൻസികളും പരിചയപ്പെടുന്നു.
- രണ്ടക്ക സംഖ്യകളുടെ സങ്കലനം ഉൾപ്പെടുന്ന പ്രശ്നപരിഹരണം നടത്തുന്നു.
- മൂന്നക്ക സംഖ്യകളുടെ സങ്കലനം ഉൾപ്പെടുന്ന പ്രശ്നപരിഹരണം നടത്തുന്നു.
- നീളം അളക്കുന്ന ഉപകരണങ്ങൾ പരിചയപ്പെടുന്നു.
- നീളം അളക്കുന്നു.
- ഗുണനക്രിയ പരിചയപ്പെടുന്നു.
- മൂന്നക്ക സംഖ്യകളുടെ വ്യവകലനക്രിയ പരിചയപ്പെടുന്നു.
- സമയം നോക്കുന്നതിന് പരിശീലിക്കുന്നു.
- കലണ്ടർ പരിചയപ്പെടുന്നു.
- ഹരണം എന്ന ആശയം രൂപീകരിക്കുന്നു.
- ഭാരം, ഉള്ളളവ് എന്നീ ആശയങ്ങളെ കുറിച്ച് വ്യക്തത വരുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | • വിവിധ രൂപങ്ങൾ നിരീക്ഷിക്കുന്നു.<br>• സമാന രീതിയിലുള്ളവ കണ്ടെത്തുന്നു.<br>• വ്യത്യസ്ത രൂപങ്ങൾ ചേർത്ത് നിർമ്മിതി നടത്തുന്നു. | ജൂൺ | Teacher<br>Parents | 70/- |
| • വിവിധ പാറ്റേണുകൾ രൂപീകരിക്കുന്നു. | • സംഖ്യാ പാറ്റേണുകൾ മുന്നറിവിനനുസരിച്ച് തനിയെ നിർമ്മിക്കുന്നു.<br>• പുസ്തകത്തിലെ പാറ്റേണുകൾ തുടർന്നെഴുതുന്നു.<br>• പുതിയ പാറ്റേണുകൾ ഗ്രൂപ്പായി ചർച്ച ചെയ്ത് കണ്ടെത്തുന്നു. | ജൂലൈ - ഫെബ്രുവരി | Teacher<br>Parents | Nil |
| • മൂന്നക്ക സംഖ്യകൾ വായിക്കുന്നു. | • അരവിന്ദ് ഗുപ്ത കാർഡുകൾ ഉപയോഗിക്കുന്നു.<br>• സംഖ്യകൾ നൽകിയത് പലരോടായി മാറി മാറി വായിക്കുന്നതിന് പറയുന്നു.<br>• അക്കങ്ങൾ ചേർത്ത് മൂന്നക്ക സംഖ്യകൾ നിർമ്മിക്കുന്നു.<br>• സംഖ്യാ കാർഡുകൾ നിർമ്മിക്കുന്നു. | ആഗസ്റ്റ് | Teacher<br>Parents | 50/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നാണയങ്ങളും, കറൻസികളും പരിചയപ്പെടുന്നു. | • കളി നോട്ടുകൾ നിരീക്ഷിക്കുന്നു. | ജൂൺ - ജൂലൈ | Teacher<br>Parents | 20/- |
| • രണ്ടക്ക സംഖ്യകളുടെ സങ്കലനം ഉൾപ്പെടുന്ന പ്രശ്നപരിഹരണം നടത്തുന്നു. | • രണ്ടക്ക/ മൂന്നക്ക സംഖ്യകൾ തുക കാണുന്നതിന് നൽകുന്നു.<br>• പ്രായോഗിക പ്രശ്നങ്ങൾ നൽകിയത് പരിഹരിക്കുന്നു.<br>• പ്രശ്നകാർഡുകൾ നൽകുന്നത് ഗ്രൂപ്പായി ചർച്ച ചെയ്ത് പരിഹരിക്കുന്നു.<br>• അബാക്കസ് വേണ്ടവർക്ക് ഉപയോഗിക്കാൻ അവസരം നൽകുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ | Teacher<br>Parents | 250/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നീളം അളക്കുന്നു | • നീളം കണ്ടെത്തുന്നതിനുള്ള വ്യത്യസ്ത മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നു.<br>• വെർണിയർ കാലിപർ, ടേപ്പ്, സ്കെയിൽ, തുടങ്ങിയവ നേരിട്ടും, ഗൂഗിളിലും കാണുന്നു, മനസ്സിലാക്കുന്നു.<br>• സ്കെയിൽ ഉപയോഗിച്ച് വ്യത്യസ്ത വസ്തുക്കളുടെ നീളം അളന്ന് കണ്ടെത്തുന്നു. | സെപ്റ്റംബർ | Teacher<br>Parents | Nil |
| • ഗുണനക്രിയ പരിചയപ്പെടുന്നു. | • 2, 5, 10 ഇവയുടെ ഗുണനപ്പട്ടിക ഓർത്ത് ചൊല്ലുന്നു.<br>• കൂടുതൽ പഠിക്കേണ്ടതിന്റെ ആവശ്യകത പ്രായോഗിക പ്രശ്നത്തിലൂടെ മനസ്സിലാക്കുന്നു.<br>• പട്ടിക എവരും എഴുതുന്നു, വായിക്കുന്നു.<br>• പട്ടികയെ അടിസ്ഥാനമാക്കി ചെറിയ പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു<br>• കൂടുതൽ അവസരങ്ങൾ നൽകുന്നു.. | ഒക്ടോബർ | Teacher<br>Parents | 100/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • മൂന്നക്ക സംഖ്യകളുടെ വ്യവകലന ക്രിയ. | • പ്രായോകിക പ്രശ്നങ്ങൾ (ചെറിയ ചെറിയ കാര്യങ്ങൾ) നൽകി അതിലൂടെ വ്യവകലനത്തിലേക്ക് എത്തുന്നു.<br>• പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>• ഗ്രൂപ്പായി ചെയ്ത് കൂടുതൽ ഉറപ്പിക്കുന്നു. | ഒക്ടോബർ - നവംബർ | Teacher<br>Parents | 100/- |
| • സമയം നോക്കുന്നതിന് പരിശീലിക്കുന്നു.. | • ക്ലോക്ക് നിരീക്ഷിക്കുന്നു.<br>• സൂചികൾ തിരിച്ചറിയുന്നു.<br>• സമയം ക്രമീകരിച്ചത് നോക്കി വായിക്കുന്നു.<br>• ക്ലോക്ക് വരക്കുന്നു, അടയാളപ്പെടുത്തുന്നു.<br>• ക്ലോക്ക് നിർമ്മിക്കുന്നു. | നവംബർ | Teacher<br>Parents | 100/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • . കലണ്ടർ പരിചയപ്പെടുന്നു. | • മാസങ്ങളും, ദിവസങ്ങളും കാണുന്നു.<br>• മാസങ്ങളുടെയും ദിവസങ്ങളുടെയും പേര് വായിക്കുന്നു, എഴുതുന്നു.<br>• സൂക്ഷ്മമായി പ്രത്യേകതകൾ നിരീക്ഷ്ക്കുന്നു. | ഡിസംബർ | Teacher<br>Parents | 25/- |
| • ഹരണം എന്ന ആശയം പരിചയപ്പെടുന്നു. | • പങ്കുവെക്കലിലൂടെ ഹരണമെന്ന ആശയത്തിൽ എത്തിച്ചേരുന്നു.<br>• നിത്യ ജീവിതത്തിലെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഹരണക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യുന്നു.<br>• കൂടുതൽ പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ജനുവരി | Teacher<br>Parents | 100/- |
| • ഭാരം, ഉള്ളളവ് എന്നീ ആശയങ്ങൾ വ്യക്തമായി അറിയുന്നു. | • അളക്കാനുള്ള ഉപകരണങ്ങൾ കണ്ടുമനസ്സിലാക്കുന്നു.<br>• ഗൂഗിളിന്റെ സഹായം ഉപയോഗിക്കുന്നു.<br>• പ്രശ്ന നിർദ്ധാരണം യുക്തി സഹമായി നിർവഹിക്കുന്നു. | ഫെബ്രുവരി | Teacher<br>Parents | Nil |

# Class 3
# Academic Master Plan
# Environmental Science

**ആമുഖം**

നിത്യ ജീവിതത്തിൽ ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ ജീവിത വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യങ്ങൾ**

- ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുന്നു, തണ്ടിന്റെ കാഠിന്യം, വലിപ്പം ഇവ തിരിച്ചറിയുന്നു.
- സസ്യത്തിന്റെ ഭാഗങ്ങൾ തിരിച്ചറിയുന്നു.
- ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിച്ച് അവയെ തരം തിരിക്കുന്നു.
- ജീവികളുടെ സഞ്ചാരരീതി തിരിച്ചറിയുന്നു.
- ജീവികളുടെ ഭക്ഷണ രീതി കണ്ടെത്തുന്നു.
- മഴയുടെ വരവോടെ വരുന്ന മാറ്റങ്ങൾ കണ്ടെത്തുന്നു.
- മഴവെള്ളം ശുദ്ധീകരിക്കുന്നത് തിരിച്ചറിയുന്നു.
- വ്യക്തി ശുചിത്വത്തെക്കുറിച്ച് ധാരണ കൈവരിക്കുന്നു.
- പരിസര ശുചീകരണത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.
- മാലിന്യങ്ങളെ വർഗ്ഗീകരിക്കുന്നു.
- നല്ല ആഹാരശീലങ്ങൾ തിരിച്ചറിയുന്നു.
- വ്യത്യസ്ത കാലാവസ്ഥയിലെ വസ്ത്രധാരണ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നു.
- റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നു.
- ഭൂമിയുടെ ആകൃതി, ഗ്ലോബിൽ ഇന്ത്യയുടെ സ്ഥാനം എന്നിവ കണ്ടെത്തുന്നു.
- കേരളത്തിലെ ജില്ലകളും ഭൂപ്രകൃതിയും തിരിച്ചറിയുന്നു.
- ജീവികളുടെ കൂടുകൾ തിരിച്ചറിയുന്നു.
- വീട് നിർമ്മാണത്തിന്റെ ഘട്ടങ്ങൾ നിരീക്ഷിക്കുന്നു, മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുന്നു, തണ്ടിന്റെ കാഠിന്യം, വലിപ്പം ഇവ തിരിച്ചറിയുന്നു, ഭാഗങ്ങൾ മനസ്സിലാക്കുന്നു. | • സസ്യങ്ങളെ വ്യത്യാസങ്ങൾ ക്കടിസ്ഥാനമാക്കി വർഗ്ഗീകരിക്കുന്നു.<br>• ഓരോന്നിലും പെട്ട സസ്യങ്ങളെ/ ഇലകളെ ശേഖരിക്കുന്നു.<br>• സസ്യത്തിന്റെ വിവിധ ഭാഗങ്ങൾ വരച്ച് അടയാളപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | Teacher<br>Parents | Nil |
| • ചുറ്റുമുള്ള ജീവികളെ നിരീക്ഷിച്ച് തരം തിരിക്കുന്നു, സഞ്ചാര രീതിയും, ഭക്ഷണ രീതിയും കണ്ടെത്തുന്നു. | • ജീവികളുടെ പേരെഴുതുന്നു, അവയുടെ പ്രത്യേകത ചർച്ച ചെയ്യുന്നു.<br>• ഭക്ഷണ രീതിക്കനുസരിച്ച് ജീവികളെ തരം തിരിക്കുന്നു.<br>• സഞ്ചാര രീതി ചർച്ച ചെയ്യുന്നു.<br>• കൂടുതൽ വിവരങ്ങൾക്കായി മൾട്ടിമീഡിയ ഉപയോഗപ്പെടുത്തുന്നു. | ജൂലൈ - ആഗസ്റ്റ് | Teacher<br>Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • മഴക്കാലത്തെ മാറ്റങ്ങൾ നിരീക്ഷിക്കുന്നു, മഴവെള്ളം ശുദ്ധീകരിക്കുന്നത് തിരിച്ചറിയുന്നു. | • മഴയുടെ വരവോടെ ഉണ്ടാകുന്ന മാറ്റങ്ങൾ ചർച്ച ചെയ്യുന്നു.<br>• മഴ മാപിനി പരിചയപ്പെടുന്നു.<br>• മുച്ചട്ടിയരിപ്പ പരിചയപ്പെടുന്നു, ചിത്രം വരക്കുന്നു.<br>• മണ്ണുകൊണ്ടുള്ള പ്രയോജനങ്ങൾ കണ്ടെത്തുന്നു.<br>• മണ്ണിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു.<br>• വിവരശേഖരണത്തിന് ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ | Teacher<br>Parents | 100/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വ്യക്തി ശുചിത്വത്തിന്റെയും പരിസര ശുചീകരണത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു. | • വ്യക്തി ശുചിത്വത്തിന് ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു.<br>• ശുചിത്വമില്ലായ്മ കൊണ്ട് വരാവുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• പരിസര ശുചിത്വത്തിനായി ചെയ്യാവുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.<br>• പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഒക്ടോബർ | Teacher<br>Parents | 100/- |
| • മാലിന്യങ്ങളെ വർഗ്ഗീകരിക്കുന്നു | • മാലിന്യങ്ങൾ ഏതെല്ലാം തരമെന്ന് കണ്ടെത്തുന്നു.<br>• അവയെ ജൈവം, അജൈവം, അപകടകരം എന്ന് തരം തിരിക്കുന്നു.<br>• ചാർട്ടിൽ എഴുതി തയ്യാറാക്കുന്നു. | ഒക്ടോബർ | Teacher<br>Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നല്ല ആഹാരശീലങ്ങൾ തിരിച്ചറിയുന്നു. | • ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടവ എന്തെല്ലാം എന്ന് ചർച്ച ചെയ്യുന്നു.<br>• ഫാസ്റ്റ് ഫുഡ് ന്റെ ദോഷ വശങ്ങൾ കണ്ടെത്തുന്നു.<br>• ഓരോ ആഹാര സാധനങ്ങളിൽ നിന്നും നമുക്ക് എന്തെല്ലാം ലഭിക്കുന്നുവെന്ന് ചർച്ച ചെയ്യുന്നു.<br>• സാലഡ് ഉണ്ടാക്കി വന്നത് എവരും ഒന്നിച്ച് ഭക്ഷിക്കുന്നു. | നവംബർ | Teacher<br>Parents | Nil |
| • വസ്ത്രധാരണത്തെ കുറിച്ച്, പ്രത്യേകതകളെ കുറിച്ച് അറിവ് നേടുന്നു. | • പല സ്ഥലങ്ങളിലെ ആൾക്കാരുടെ വസ്ത്ര ധാരണം നിരീക്ഷിക്കാൻ ICT ഉപയോഗിക്കുന്നു.<br>• അവർ കണ്ട വസ്ത്രധാരനത്തിലെ വൈവിധ്യത്തിന്റെ കാരണം ചർച്ച ചെയ്യുന്നു, ധാരണ രൂപീകരിക്കുന്നു. | ഡിസംബർ | Teacher<br>Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവര ശേഖരണം. | • റോഡിൽ യാത്ര ചെയ്യുമ്പോഴും, വാഹനം ഓടിക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു.<br>• റോഡിൽ കാണുന്ന സൈൻ ബോർഡുകൾ നിരീക്ഷിക്കുന്നു, ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു എന്ന് മനസ്സിലാക്കുന്നു.<br>• റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തുന്നു. | ജനുവരി | Teacher<br>Parents | 100/- |
| • ഭൂമിയുടെ ആകൃതി, ഗ്ലോബിൽ ഇന്ത്യയുടെ സ്ഥാനം എന്നിവ തിരിച്ചറിയുന്നു. | • ഗ്ലോബ് കാണുന്നു സൂക്ഷ്മമായി നിരീക്ഷിക്കുന്നു.<br>• ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു എന്ന് ചർച്ച ചെയ്യുന്നു.<br>• ഇന്ത്യയുടെ സ്ഥാനം കണ്ടെത്തുന്നു.<br>• രാവും, പകലും ഉണ്ടാകുന്നത് പരീക്ഷണത്തിലൂടെ മനസ്സിലാക്കുന്നു. | ജനുവരി | Teacher<br>Parents | 200/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • കേരളം, ജില്ലകൾ, ഭൂപ്രകൃതി തുടങ്ങിയവ തിരിച്ചറിയുന്നു. | • കേരള മാപ്പ് കുട്ടികൾ നിരീക്ഷിക്കുന്നു.<br>• രണ്ടുതരം മാപ്പും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു.<br>• കേരളത്തിലെ ജില്ലകൾ വായിക്കുന്നു.<br>• കേരളത്തിനെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ചത് നിരീക്ഷിക്കുന്നു.<br>• ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | ഫെബ്രുവരി | Teacher<br>Parents | Nil |
| • ജീവികളുടെ വാസസ്ഥലം തിരിച്ചറിയുന്നു. | • പരിചിതമായ ജന്തുക്കളും, പക്ഷികളും ജീവിക്കുന്നത് എവിടെയെന്ന് പറയുന്നു.<br>• ICT സാധ്യത ഉപയോഗിച്ച് കൂടുതൽ അറിവ് നേടുന്നു. | മാർച്ച് | Teacher<br>Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കുന്നു. | • വീട് നിർമ്മിക്കുന്നതിന് വേണ്ട ഘട്ടങ്ങൾ ചർച്ച ചെയ്യുന്നു.<br>• YouTube ൽ ഘട്ടങ്ങൾ കാണുന്നു, തിരിച്ചറിയുന്നു. | മാർച്ച് | Teacher<br>Parents | Nil |

# Class 3
# Academic Master Plan
# Malayalam

**ആമുഖം**

കുട്ടികളെ മലയാളഭാഷ ആസ്വാദിക്കുന്ന രീതിയിൽ ഉയർത്തുന്നതുവഴി മലയാളിയുടെ തനതു സംസ്കാരം പരിചയപ്പെടുത്തുന്നു. മലയാള സാഹിത്യ കാരന്മാരെയും ഏവരും പരിചയപ്പെടുന്നു.

**ലക്ഷ്യങ്ങൾ**

- പുതിയ പദങ്ങൾ പരിചയപ്പെടുന്നു.
- കഥകൾ കേട്ട് ആസ്വാദിക്കുന്നു.
- കവിതകൾ, നാടൻപാട്ട് തുടങ്ങിയവ ആസ്വാദിക്കുന്നു.
- നാടൻ പാട്ടുകൾ താളം പിടിച്ച് ചൊല്ലുന്നു.
- പഴഞ്ചൊല്ലുകൾ കണ്ടെത്തി പറയുന്നു.
- അക്ഷരങ്ങൾ വ്യക്തമായി എഴുതുന്നു. വാക്കകലം പാലിക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- കടങ്കഥകൾ ശേഖരിക്കുന്നു.
- വിവധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് സംഭാഷണം അവതരിപ്പിക്കുന്നു.
- തൊഴിലുമായി ബന്ധപ്പെട്ട പാട്ടുകൾ കണ്ടെത്തുന്നു.
- പരിചിതമായ വാക്കുകൾ അക്ഷരമാല ക്രമത്തിൽ എഴുതുന്നു.
- പ്രകൃതിയുമായി ബന്ധപ്പെട്ട കഥകളവതരിപ്പിക്കുന്നു.
- വാക്കുകൾ പിരിച്ച് എഴുതുന്നു.
- വാക്കുകൾ ചേർത്തെഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പുതിയ പദങ്ങൾ പരിചയപ്പെടുന്നു. | • പാഠഭാഗത്ത് വരുന്ന പുതിയ പദങ്ങൾ അടിവരയിടുന്നു, അർഥം കണ്ടെത്തുന്നു.<br>• വായിച്ച് കേൾക്കുന്ന കാര്യങ്ങളിലെ പുതിയ പദങ്ങൾ ശ്രദ്ധിക്കുന്നു.<br>• പുതിയ പദങ്ങൾ ഉപയോഗിച്ച് വാചകങ്ങൾ ഉണ്ടാക്കി പറയുന്നു. | ജൂൺ - മാർച്ച് | Teacher<br>Parents | Nil |
| • കഥകൾ കേട്ട് ആസ്വാദിക്കുന്നു. | • പാഠഭാഗങ്ങളിലെ കഥകൾ അധ്യാപിക തന്മയത്തത്തോടുകൂടി അവതരിപ്പിക്കുന്നത് ആസ്വാദിക്കുന്നു.<br>• ലൈബ്രറിയിൽ നിന്നെടുത്ത കൊച്ചു കഥാപുസ്തകങ്ങൾ വായിച്ച് കേട്ട് ആസ്വാദിക്കുന്നു.<br>• YouTube ലും മറ്റും ഉള്ള ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു.<br>• TV യിലെ കുട്ടികളുടെ ചാനലിൽ വരുന്ന കഥകൾ കേട്ട് ആസ്വാദിക്കുന്നു. | ജൂൺ - നവംബർ | Teacher<br>Parents | 250/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കവിതകൾ, നാടൻപാട്ട് തുടങ്ങിയവ ആസ്വാദിക്കുന്നു. | • പാഠഭാഗത്തെ ചെറിയ കവിതകൾ, നാടൻപാട്ട് തുടങ്ങിയവ കേൾക്കുന്നു.<br>• കവിതകളും, നാടൻപാട്ടും വായ്ത്താരിയോടെ ഈണത്തിലും താളത്തിലും ചൊല്ലുന്നു, ആസ്വാദിക്കുന്നു.<br>• ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | ജൂൺ - ഫെബ്രുവരി | Teacher<br>Parents | 100/- |
| • പഴഞ്ചൊല്ലുകൾ കണ്ടെത്തി പറയുന്നു. | • പഴഞ്ചൊല്ലുകൾ ഓരോരുത്തരും അറിയാവുന്നത് പറയുന്നു.<br>• കൂടുതൽ പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു.<br>• ശേഖരണ പുസ്തകത്തിൽ എഴുതിച്ചേർക്കുന്നു.<br>• ഓരോ പഴഞ്ചൊല്ലിനെ കുറിച്ചും ചർച്ച ചെയ്യുന്നു. | ആഗസ്റ്റ് - ഒക്ടോബർ | Teacher<br>Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അക്ഷരങ്ങൾ വ്യക്തതയോടെ എഴുതുന്നു, വാക്കകലം പാലിക്കുന്നു. | • വാക്കുകൾ എഴുതുമ്പോൾ അക്ഷര വടിവ് ശ്രദ്ധിച്ച് എഴുതുന്നു.<br>• കൂടുതൽ പുതിയ പദങ്ങൾ പദസമ്പത്തിൽ എഴുതിച്ചേർക്കുന്നു.<br>• ചെറിയ വാചകങ്ങൾ വാക്കകലം പാലിച്ചു ഭംഗിയായി എഴുതി പരിശീലിക്കുന്നു. | ജൂൺ - ജൂലൈ | Teacher<br>Parents | Nil |
| • ചിത്രവായന നടത്തുന്നു. | • പാഠഭാഗങ്ങളിലെ ചിത്രവായന ഭംഗിയായി നടത്തുന്നു, ചർച്ച ചെയ്യുന്നു.<br>• അധ്യാപിക നൽകുന്ന കഥ/കവിതയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ നിരീക്ഷിക്കുന്നു, കണ്ടെത്തലുകൾ പങ്കുവെക്കുന്നു. | ജൂൺ - ആഗസ്റ്റ് | Teacher<br>Parents | 100/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കടങ്കഥകൾ ശേഖരിക്കുന്നു. | • കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് അറിയാവുന്ന കടങ്കഥകൾ ഉൾക്കൊള്ളിച്ച് കടങ്കഥാ മത്സരം നടത്തുന്നു.<br>• കൂടുതൽ കടങ്കഥകൾ എവരും ശേഖരിക്കുന്നു.<br>• കടങ്കഥാ പയറ്റ് ശക്തിയുക്തം നടത്തുന്നു, ആസ്വാദിക്കുന്നു. | ഒക്ടോബർ | Teacher<br>Parents | 100/- |
| • വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് സംഭാഷണം അവതരിപ്പിക്കുന്നു. | • അധ്യാപിക നൽകുന്ന സന്ദർഭങ്ങൾ ശ്രദ്ധയോടെ ശ്രവിക്കുന്നു. തുടർന്ന് വരുന്ന സംഭാഷണം ക്ലാസ്സിൽ കുട്ടികൾ അവതരിപ്പിക്കുന്നു, അവരെ അഭിനന്ദിക്കുന്നു.<br>• കൂടുതൽ അവസരങ്ങൾ നൽകുന്നു. | നവംബർ-ജനുവരി | Teacher<br>Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • തൊഴിലുമായി ബന്ധപ്പെട്ട പാട്ടുകൾ പാടുന്നു. | • കലാഭവൻ മണിയുടെയും മറ്റും തൊഴിലുമായി ബന്ധപ്പെട്ട പാട്ടുകൾ YouTube ൽ നിന്ന് കേൾക്കുന്നു, ഏറ്റു പാടുന്നു.<br>• കൂടുതൽ പാട്ടുകൾ കുട്ടികൾ ശേഖരിക്കുന്നു, പാടി അവതരിപ്പിച്ച് താളമിട്ട് ആസ്വാദിക്കുന്നു. | ജനുവരി - മാർച്ച് | Teacher<br>Parents | 50/- |
| • പരിചിതമായ വാക്കുകൾ അക്ഷരമാലാ ക്രമത്തിൽ എഴുതുന്നു. | • പുതിയ പദങ്ങൾ ശേഖരിച്ചവയെ ഗ്രൂപ്പായി ഇരുന്ന് അക്ഷരമാലാ ക്രമത്തിലാക്കുന്നു.<br>• പിന്നീട് ആദ്യാക്ഷരം ആവർത്തിച്ച് വരുന്ന വാക്കുകളെ ക്രമത്തിലാക്കി പരിശീലിക്കുന്നു.<br>• കൂടുതൽ ചിട്ടപ്പെടുത്തലുകൾ നടത്തി പദങ്ങളെ എളുപ്പ ക്രമത്തിലാക്കാൻ കഴിവ് നേടുന്നു.<br>• കാർഡുകൾ ഉപയോഗിച്ചും അക്ഷരമാലാ ക്രമത്തിൽ ആക്കി മാറ്റുന്നു. | ജനുവരി - മാർച്ച് | Teacher<br>Parents | 100/- |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പ്രകൃതിയുമായി ബന്ധപ്പെട്ട കഥകളവതരിപ്പിക്കുന്നു. | • YouTube ലും TV യിലും കണ്ട കഥകൾ തന്മയത്വത്തോടെ എവരും മാറി മാറി അവതരിപ്പിക്കുന്നു, മറ്റുള്ളവർ വിലയിരുത്തുന്നു.<br>• കൂടുതൽ കഥകൾ കേൾക്കാൻ ICT സാധ്യത ക്ലാസ്സിൽ ഉപയോഗിക്കുന്നു. | ആഗസ്റ്റ് - ഒക്ടോബർ | Teacher<br>Parents | Nil |
| • വാക്കുകൾ പിരിച്ചും ചേർത്തും എഴുതുന്നു. | • പദങ്ങൾ ചേർത്തെഴുതിയവ പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു.<br>• കണ്ടെത്തിയ പദങ്ങളെ ചേർത്തെഴുതുന്നു.<br>• പിരിഞ്ഞിരിക്കുന്ന പദങ്ങളെ ഗ്രൂപ്പായി ഇരുന്ന് ചർച്ചയിലൂടെ ചേർത്തെഴുതുന്നു.<br>• പുസ്തകത്തിൽ എഴുതിച്ചേർക്കുന്നു.<br>• കഥ, പുസ്തകങ്ങളിൽ നിന്ന് ഇതുപോലുള്ളവ കണ്ടെത്തുന്നു. | നവംബർ - ഫെബ്രുവരി | Teacher<br>Parents | Nil |

ക്ലാസ്സ് 4 മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗദ്യകവിത ഭാവാത്മകമായി വായിച്ചുകേട്ട് ആനന്ദിക്കുന്നു. ചിത്രങ്ങൾ വായിച്ച് അവയ്ക്ക് രചനകളുമായുള്ള ബന്ധം കണ്ടെത്തുന്നു. | ചിത്ര വായന നടത്തുന്നു. പ്രയോഗ സന്ദർഭങ്ങൾ കണ്ടെത്തുന്നു. വിശേഷണ പ്രയോഗങ്ങൾ കണ്ടെത്തൽ, ഭാവാത്മക വായന നടത്തുന്നു. | ജൂൺ - ജൂലൈ | Teacher | |
| യാത്രയുമായി ബന്ധപ്പെട്ട കവിത ഭാവാത്മകമായി ചൊല്ലിക്കേട്ട് ആനന്ദിക്കുന്നു. | ചിത്ര വായന.<br>കവിത താളത്തിൽ ചൊല്ലുന്നു. | ജൂൺ - ജൂലൈ | Teacher | |
| കവിതയുടെ ആശയം കണ്ടെത്തുന്നു. കവിതകളുടെയും പാട്ടുകളുടേയും താളത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു. താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.<br>പുതിയ പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നു. | ആശയങ്ങൾ വരുന്ന വരികൾ കണ്ടെത്തുന്നു.<br>വായ്ത്താരി പോലെ പറയാവുന്ന നാലക്ഷരമുള്ള വാക്കുകൾ കണ്ടെത്തുന്നു. എഴുതുന്നു. കവിത താളമിട്ടു (മുന്നറിയിപ്പ്) ചൊല്ലുന്നു. | ജൂൺ - ജൂലൈ | Teacher<br>Parents | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാട്ടുകൾ കേട്ടാസ്വാദിക്കുന്നതിൽ സന്തോഷിക്കുന്നു.<br><br>രചനാ പരിചയകുറിപ്പ് സ്വയം വായിച്ചും ഭാവാത്മകമായി വായിച്ച് കേട്ടും ആശയം ഗ്രഹിക്കുന്നു.<br><br>അക്ഷരങ്ങളുടെയും വാക്കുകളുടെയും ഉചിതമായ ആവർത്തനത്തിലൂടെ കവിതയ്ക്കുണ്ടാകുന്ന ഭംഗിയും കിലുക്കവും കണ്ടെത്തുന്നതിൽ ആനന്ദിക്കുന്നു. | 'അമ്പിളിയമ്മാവാ' നാടക ഗാനം ഓടിയോ കേൾപ്പിക്കുന്നു. (ICT)<br><br>താളമിട്ട് ചൊല്ലുന്നു.<br><br>വട്ടത്തിൽ ചവിട്ടുമ്പോൾ മൗനവായന. ഭാവാത്മക ചർച്ച.<br><br>കവിതയുടെ താളം കണ്ടെത്തുന്നു. സംഘമായി അവതരിപ്പിക്കുന്നു.<br><br>അക്ഷരം ആവർത്തിക്കുന്ന വരികൾ, ശബ്ദം ആവർത്തിക്കുന്ന വരികൾ.<br><br>കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ഞാൻ ചോദിക്കാം നീ പറയൂ രീതിയിൽ 'സൈക്കിളുചവിട്ടാൻ' കവിത അവതരണം. സ്കൂൾ അസംബ്ലിയിൽ അവതരണം | ജൂൺ - ജൂലൈ | Teacher<br>Parents<br>SRG | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാനാർത്ഥമുള്ള വാക്കുകൾ കണ്ടെത്തുന്നു. പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു. | വിവിധ പദങ്ങളുടെ നാനാർത്ഥങ്ങൾ കണ്ടെത്തുന്നു. കുഞ്ഞുണ്ണി മാഷുടെ കവിത (ICT) | ജൂൺ - ജൂലൈ | Teacher<br>Parents<br>SRG | |
| സംഭാഷണം തയ്യാറാക്കൽ പാവനാടകം അവതരിപ്പിക്കൽ (കലാപഠനം) | കവിതയിലെ ആശയവും സൗന്ദര്യവും ചോരുന്നു പോകാതെ സംഭാഷണ രൂപത്തിലാക്കുന്നു.<br>പാവനാടകം നടത്തുന്നു.<br>സർഗവേളയിൽ അവതരിപ്പിക്കുന്നു. സൈക്കിൾ ചവുട്ടി കവിത ചൊല്ലാൻ അവസരം നൽകുന്നു. (കായിക പഠനം) | ജൂൺ - ജൂലൈ | Teacher<br>SRG | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആസ്വാദിച്ച കവിതയുടെ ഘടനയും ഭാഷാരീതിയും പിന്തുടർന്ന് പുതിയ പ്രമേയങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കുന്നു. അവ ഒറ്റക്കും സംഘമായും താളമിട്ട് ചൊല്ലി രസിക്കുന്നു. | താളത്തിൽ ചോല്ലാവുന്ന ചെറിയ വരികൾ ഉണ്ടാക്കുന്നു. തയ്യാറാക്കിയ വരികൾ താളത്തിൽ ചൊല്ലുന്നു. | ജൂൺ - ജൂലൈ | Teacher | |
| വാക്കുകൾ പിരിച്ചെഴുതുകയും ചേർത്തെഴുതുകയും ചെയ്യുന്നു. അനുപ്രയോഗം ഉപയോഗിച്ച് സ്വന്തം ഭാഷാ പ്രയോഗങ്ങൾ മികവുറ്റതാക്കുന്നു. | പാഠഭാഗത്തിലെ വാക്കുകൾ പിരിച്ചെഴുതുന്നു. ചേർത്തെഴുതുന്നു. | ജൂൺ - ജൂലൈ | Teacher | |
| രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നു. വായനാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. | ലൈബ്രറിയിൽ നിന്ന് പുസ്തകം തെരഞ്ഞെടുത്ത് രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | Teacher<br>Parent<br>SRG | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| യാത്രയുമായി ബന്ധപ്പെട്ട കഥ ഭാവാത്മകമായി വായിക്കുന്നു. വായിച്ചു കേൾപ്പിക്കുന്നതിൽ സന്തോഷിക്കുന്നു. | 'ഹലോ...ഉറക്കെപ്പാടൂ' കഥ മൗനവായന നടത്തുന്നു. വ്യക്തിഗതമായി വായിക്കുന്നു. | ജൂൺ - ജൂലൈ | Teacher<br>Parents | |
| കഥ വായിച്ചുകേട്ടും സ്വയം വായിച്ചും വിശകലനം ചെയ്ത് അവയുടെ ഉള്ളടക്കം, ആഖ്യാനരീതി, ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിയുന്നു. യാത്രാനുഭവങ്ങൾ റോൾപ്ലേ ആയി ആവിഷ്കരിക്കുന്നു. | റോൾപ്ലേ നടത്തുന്നു. | ജൂലൈ | Teacher<br>Parents | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിതകൾ താളത്തിൽ ചൊല്ലികേട്ടും സ്വയം ചൊല്ലിയും അവയിലെ താളത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു. നമ്മുടെ ഭാഷയ്ക്ക് വലിയ പഴക്കമുണ്ട്. പഴക്കമുള്ള ധാരാളം കൃതികളുണ്ട്. | ഉറക്കുപാട്ട് അവതരണം.<br>ഈണം കണ്ടെത്തൽ<br>വായ്ത്താരി കണ്ടെത്തൽ<br>കൃഷ്ണഗാഥ പരിചയപ്പെടുത്തുന്നു.<br>വിവിധ വായ്ത്താരികൾ പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | Teacher<br>Parent | |
| ആസ്വാദിച്ച കവിതയുടെ ഘടനയും ഭാഷാ രീതിയും പിന്തുടർന്ന് പുതിയ പ്രമേയങ്ങളെ അതേ രീതിയിൽ സർഗ്ഗാത്മകമായ വരികളിൽ സ്വതന്ത്രമായി ആവിഷ്കരിക്കുന്നു. താളമിട്ട് ചൊല്ലി രസിക്കുന്നു. | ആശയത്തെ വരികലാക്കി മാറ്റി എഴുതുന്നു.<br>മാറ്റിയെഴുതിയ വരികളെ കൃഷ്ണഗാഥയുടെ താളത്തിലാക്കി മാറ്റുന്നു. | ജൂൺ- ജൂലൈ | Teacher | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യാത്രാനുഭവങ്ങൾ പ്രതിഫലിക്കുന്ന ഡയറി തയ്യാറാക്കുന്നു. | കാളിയമർ-ദ്ധനം കഥ അവതരണം (ICT)<br>ഡയറിയുടെ സവിശേഷതകൾ ഡയറി വ്യക്തിഗതമായി തയ്യാറാക്കൽ, മെച്ചപ്പെടുത്തൽ.<br>തെരഞ്ഞെടുത്ത ഡയറി ബാലസഭയിൽ അവതരണം. | ജൂൺ - ജൂലൈ | Teacher<br>SRG | |
| യാത്രാനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (യാത്രാനുഭാവക്കുരിപ്പ്, വീഡിയോ ആവിഷ്ക്കാരം) പ്രകടിപ്പിക്കുന്നു. | കുട്ടികലുമൊത്ത് ഒരു യാത്ര നടത്തുന്നു.<br>വാചിക അനുഭവ അവതരണം.<br>വീഡിയോ തയ്യാറാക്കാൻ അവസരം നൽകുന്നു. | ജൂൺ- ജൂലൈ | Teacher<br>Parents<br>SRG | |

## Std: IV

## Learning Objectives

- Listens to stories and answer to the questions based on it.
- Acts according to the instructions and respond according to the command.
- Listen and enjoy the Rhymes/ Poems and add more lines to the given lines.
- Solving the puzzles and riddles.
- Identifies the rhyming words in the poem
- Enable the learners to describe the pictures in simple English, orally and written form.
- Enable them to read and comprehend the story.
- Identifies the activities and out accordingly.

# Academic Master Plan

## School Level Activity Format

## English

**Class: 4**

| **Learning outcomes** | **Activities** | **Period** | **Executer source** | **Financial** | **Remarks** |
|---|---|---|---|---|---|
| <u>Area</u><br><u>Listening</u><br>Analysis, comprehend and interprets a picture/ video from different perspiratory<br><br><u>Speaking</u><br>Picture interaction and describe the picture orally.<br>Appreciate simple poems and identifies rhyming words.<br>Learners reads and constructs simple conversation and engages in role play. | Introduces titular page to the student's trough ICT and ask response from them.<br><br><br><br><br>Presenting patriot heroes and their activities, and allow them to describe them by analyse questions.<br>Related to the fiats Leason beyond fear preparing conversation between mother and child. | | | | |

| Learning outcomes | Activities | Period | Executer source | Financial | Remarks |
|---|---|---|---|---|---|
| <u>Reding</u><br>The leaners connects the theme of the story and read the passages from text book.<br><br>The learners reads and analyses notices and engages in discussion about them.<br><u>Writing</u><br>Prepare notices, descriptions, diary. | Introduces the passages in the text book and allow them to read in group, individually and silent reading.<br>Giving readers text to read (context from TB)<br>Giving sample notices to read and designs in group.<br>Allow them to analysis individually<br>The leaners revisits the text and experiment the notice.<br>Allow them to prepare notice individually.<br>The leaner reacts the text and experience the dairy, description individually, groupwise etc. | | | | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ്സ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയുന്നു. | ❖ ചിത്രം നോക്കു വരക്കൂ.<br>❖ നിറം കൊടുക്കൂ.<br>❖ രൂപം കണ്ടെത്താം.<br>❖ ഈർക്കിൽ മീൻ.<br>❖ ചിത്രശലഭം | ജൂൺ | CPTA Class teacher | PTA, HM |
| 2. സംഖ്യാ ബന്ധം തിരിച്ചറിയൽ, പാറ്റേൺ രൂപീകരണം, സംഖ്യാബോധം അക്കത്തിലും അക്ഷരത്തിലും എഴുതൽ, യുക്തിചിന്ത, ഗണന ചിന്ത എന്നിവ രൂപപ്പെടൽ. | ❖ സംഖ്യാ ബന്ധം കണ്ടുപിടിക്കു.<br>❖ നമ്പർ പ്ലേറ്റ്.<br>❖ മഡ് റേസ് ക്രമം തുടരൂ എന്റെ പാറ്റേൺ ജോഡി കണ്ടെത്തൽ കളി.<br>❖ ഒന്നുകൂടി ചേർത്താൽ<br>❖ പെട്രോൾ പമ്പ്. | ജൂൺ ജൂലൈ | Class teacher | PTA, HM |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ഒന്നുകളും പത്തുകളും നൂറുകളും ആയിരങ്ങളും ചേർത്ത് നാലക്ക സംഖ്യ രൂപീകരിക്കുന്നു, റോമൻ അക്കങ്ങൾ തിരിച്ചറിയുന്നു. | ❖ പ്രദർശന നഗരിയിലേക്ക്<br>❖ അബാക്കസിലെ സംഖ്യകൾ<br>❖ എത്ര നൂറുകൾ<br>❖ എത്ര നാലക്ക സംഖ്യകൾ<br>❖ സംഖ്യ ചക്രം<br>❖ പിരിച്ചെഴുതാം<br>❖ ഞാനാര്? | ജൂൺ<br>ആഗസ്റ്റ് | CPTA<br>SRG<br>Class teacher | PTA, HM |
| 4. രണ്ട് നാലക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ ഉണ്ടെന്ന് തിരിച്ചറിയുന്നു. | ❖ വാതിൽ തുറക്കാം<br>❖ സംഖ്യാ ജോടികൾ<br>❖ സംഖ്യ മാല പൂർത്തിയാക്കൂ<br>❖ ഷൂട്ടിംഗ് കോർണർ<br>❖ ഡൈസ് കോർണർ<br>❖ ഫോട്ടോ കോർണർ<br>❖ ഉത്തര പൂക്കൾ | ആഗസ്റ്റ്<br>സെപ്റ്റംബർ | CPTA<br>Class teacher | PTA, HM |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. നിത്യ ജീവിതത്തിൽ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. വാച്ച്, ക്ലോക്ക്, ഡിജിറ്റൽ ക്ലോക്ക്, മൊബൈൽ ഫോൺ എന്നിവ സമയം നോക്കാൻ ഉപയോഗിക്കുന്നു എന്ന് തിരിച്ചറിയുന്നു. | ❖ നിധിയുടെ വീട്ടിൽ<br>❖ നിധിയും കൂട്ടുക്കാരും സ്കൂളിൽ<br>❖ നിധി സ്കൂളിൽ<br>❖ നടത്ത മത്സരം<br>❖ സാറ്റുകളി, എന്റെ സമയം, പാട്ടുപാടാം സമയം നോക്കാം<br>❖ പസിൽ കോർണർ. | സെപ്റ്റംബർ ഒക്ടോബർ | CPTA Class teacher | PTA, HM |
| 6. നിത്യ ജീവിതത്തിൽ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട വ്യവകലന ക്രിയ ഉപയോഗപ്പെടുത്തുന്നു. | ❖ അബാക്കസ്<br>❖ കണ്ടുപിടിക്കാം സമ്മാനം നേടാം<br>❖ കണക്കുപെട്ടി<br>❖ നിറം നൽകൂ<br>❖ കച്ചവടക്കളി | ഒക്ടോബർ | CPTA Class teacher | PTA, HM |

**പരിസരപഠനം** **ക്ലാസ്സ് : 4**

ഓരോ വ്യക്തിയും പരിസ്ഥിതി സാക്ഷരത കൈവരിക്കുക പരിസ്ഥിതി സാക്ഷരത കൈവരിക്കുക പരിസ്ഥിതി പരിചാരകനാകുക എന്നീ മഹത്തായ ലക്ഷ്യങ്ങളാണ് പരിസ്ഥിതി വിദ്യാഭ്യാസം മുന്നോട്ടുവയ്ക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ നടത്തണം. ഒന്നാമതായി പരിസ്ഥിതി സംബന്ധിച്ച അറിവുകളും ധാരണകളും വളരണം, രണ്ടാമതായി പരിസ്ഥിതി സൗഹൃദ തീരുമാനങ്ങൾ എടുക്കുന്നതിനും അതു ഉത്തരവാദിത്വത്തോടെ നടപ്പിലാക്കുന്നതിനും വേണ്ട മനോഭാവം നൈപുണികളും വികസിക്കണം. പരിസ്ഥിതിയുമായി ആഴത്തിൽ ബന്ധം സ്ഥാപിക്കുന്നതിനും പരിസ്ഥിതി പ്രശ്നങ്ങൾ വ്യക്തമായ കാഴ്ച്ചപ്പാടോടെ അഭിസംബോധന ചെയ്യുന്നതിനാവശ്യമായ പ്രശ്നപരിഹാരം നൈപുണികൾ വികസിക്കുന്നതിനും പര്യാപ്തമായ പഠനസന്ദർഭങ്ങൾ പ്രായവും വികാസ ഘട്ടങ്ങളും പരിഗണിച്ച് പഠിതാവിനെ ഒരുക്കി കൊടുക്കുക എന്നതാണ് പരിസ്ഥിതി വിദ്യാഭ്യാസം ഉദ്ദേശിക്കുന്നത്.

**ലക്ഷ്യങ്ങൾ**

- പരിസ്ഥിതിയെ കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുമുള്ള അവബോധം.
- പരിസ്ഥിതിയെ കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചും ആഴത്തിലുള്ള അറിവ്.
- പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയാനും ഈ വിമർശന ചിന്തനം നടത്താനും.
- പ്രശ്ന പരിഹരണം പ്രവർത്തനങ്ങൾ നിർദ്ദേശിക്കാനുള്ള നൈപുണികൾ.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം ചർച്ച എന്നിവയിലൂടെ ജീവികളുടെ ആവാസ സ്ഥലങ്ങൾ വ്യത്യസ്തമാണെന്ന് തിരിച്ചറിയുന്നു. | • കരയിൽ ജീവിക്കുന്നവ.<br>• ജലത്തിൽ ജീവിക്കുന്നവ.<br>• കരയിലും ജലത്തിലും ജീവിക്കുന്നവ.<br>• മത്സ്യത്തിന്റെ ചിത്രം.<br>• മത്സ്യത്തിന്റെയും തോണിയുടെയും സാമ്യവ്യത്യാസങ്ങൾ. | ജൂൺ | ക്ലാസ്സ് ടീച്ചർ SRG | PTA |
| ജലജീവികളുടെ ശരീരഘടന അനുകൂലനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും ജീവികളുടെ വാസസ്ഥലങ്ങളും തിരിച്ചറിയുന്നു. | • ഒട്ടകം പെൻഗ്വിൻ എന്നിവയുടെ അനുകൂലനങ്ങൾ കണ്ടെത്തുന്നു.<br>• ജീവികളെ കുറിച്ച് പൊതുനിഗമനങ്ങൾ തയ്യാറാക്കുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചർ SRG | PTA |
| വിവധ ആവാസവ്യവസ്ഥകൾ തിരിച്ചറിയുന്നു. വിവിധതരം ആവാസ വ്യവസ്ഥയെ കുറിച്ച് ധാരണ നേടുകയും ആവാസവ്യവസ്ഥയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്തുകയും ചെയ്യുന്നു. | • ജീവനുള്ള ഘടകങ്ങൾ.<br>• ജീവനില്ലാത്ത ഘടകങ്ങൾ.<br>• പ്രകൃതിദത്ത ആവാസവ്യവസ്ഥയും മനുഷ്യ നിർമ്മിത ആവാസവ്യവസ്ഥയും.<br>• വിവിധതരം ആവാസവ്യവസ്ഥകൾ. | ജൂൺ | ക്ലാസ്സ് ടീച്ചർ SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനുഷ്യന്റെ ഇടപെടലുകൾ മൂലം ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന ദോഷങ്ങൾ തിരിച്ചറിയുന്നു. | കുറിപ്പ് തയ്യാറാക്കുക<br>• മണ്ണ് മലിനീകരണം.<br>• വായു മലിനീകരണം.<br>• ജല മലിനീകരണം.<br>പട്ടികപ്പെടുത്തുന്നു<br>• ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന മനുഷ്യന്റെ ഇടപെടലുകൾ.<br>• മണ്ണിനെ മലിനമാക്കുന്ന പ്രവർത്തനങ്ങൾ, പ്രകൃതി ദുരന്തങ്ങൾ. | ജൂൺ | ക്ലാസ്സ് ടീച്ചർ<br>SRG | PTA |

# പാഠം 2 ഇന്ത്യയെന്റെ രാജ്യം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദേശികളായ ബ്രിട്ടീഷുക്കാർ ഇന്ത്യയിലെ അധികാരികളായി മാറി ഇത് സംബന്ധിച്ച വിവരശേഖരണം. സ്വാതന്ത്രസമരങ്ങളുടെ ഭാഗമായി നടന്ന ഉപ്പുസത്യാഗ്രഹം ക്വിറ്റിന്ത്യാ സമരം തുടങ്ങിയ പോരാട്ടങ്ങളെ സംബന്ധിച്ച് ധാരണനേടുന്നു. | • കുറിപ്പ് തയ്യാറാക്കുക.<br>• ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടങ്ങൾ ഉപ്പുസത്യാഗ്രഹം ക്വിറ്റിന്ത്യാ സമരം<br>• ചിത്ര ആൽബം | ജൂലൈ | ക്ലാസ്സ് ടീച്ചർ SRG | PTA |
| ഇന്ത്യ സ്വാതന്ത്രസമരങ്ങൾക്ക് നേതൃത്വം നൽകിയ ഗാന്ധിജി, ജവഹർലാൽ നെഹ്രു തുടങ്ങിയവരുടെ സംഭാവനകൾ വിവരണം ചർച്ച എന്നിവയിലൂടെ തിരിച്ചറിയുക. സ്വാതന്ത്രസമരനായകരോട് ആദരവാർന്ന മനോഭാവം രൂപീകരിക്കുക. | • മഹാത്മാഗാന്ധിയെ കുറിച്ചുള്ള ആശയ ഭൂപടം തയ്യാറാക്കുന്നു.<br>• കുറിപ്പ് തയ്യാറാക്കൽ ജവഹർലാൽ നെഹ്രു.<br>• പ്രസംഗം തയ്യാറാക്കൽ.<br>• സ്വാതന്ത്ര്യ സമരത്തിലെ മറ്റു നേതാക്കൾ - ചുമർപത്രിക തയ്യാറാക്കൽ. | ജൂൺ | ക്ലാസ്സ് ടീച്ചർ SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ഇന്ത്യ സ്വാതന്ത്ര്യസമരത്തിലേക്ക് ഇന്ത്യുടെ ഭരണഘടന സംസ്ഥാനങ്ങൾ കേന്ദ്രഭരണ പ്രദേശങ്ങൾ വൈവിധ്യങ്ങളുടെ ഇന്ത്യ ദേശീയ ചിഹ്നങ്ങൾ. | ജൂൺ | ക്ലാസ്സ് ടീച്ചർ SRG | PTA |